# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വാർത്താപത്രിക

വാല്യം : 01 ലക്കം : 06 2022 ജനുവരി


## സൗജന്യ ചികിത്സയിൽ മികവ് : പ്രത്യേക പോസ്റ്റൽ കവർ പുറത്തിറക്കി




**സ്റ്റേറ്റ്** ഹെൽത്ത് ഏജൻസിയും ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റും സംയുക്തമായി പുറത്തിറക്കിയ പ്രത്യേക പോസ്റ്റൽ കവറും മൈ സ്റ്റാമ്പും ആരോഗ്യ മന്ത്രി വീണാ ജോർജ്, പോസ്റ്റൽ വകുപ്പ് കേരള സർക്കിൾ ഡയറക്ടർ സി. ആർ രാമകൃഷ്ണന് നൽകി പ്രകാശനം ചെയ്തു. കേന്ദ്രസർക്കാരിന്റെ ആരോഗ്യ മന്തൻ 3.0 ൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡിന് കേരളം അർഹത നേടിയിരുന്നു. ഈ നേട്ടം ഓർമിക്കുന്നതിനായാണ് യൂണിവേഴ്സൽ ഹെൽത്ത് കവറേജ്ഡേയുടെ ഭാഗമായി സ്പെഷ്യൽ പോസ്റ്റൽ കവറും സ്റ്റാമ്പും പുറത്തിറക്കിയത്.

ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, പോസ്റ്റ് ഓഫീസ് തിരുവനന്തപുരം സൗത്ത് ഡിവിഷൻ സൂപ്രണ്ട് അജിത് കുര്യൻ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോ. ഡയറക്ടർ ഹരികുമാർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എച്ച്. ആർ. മാനേജർ കെ. സുരേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട്(KBF) എന്നിവയുടെ നിർവഹണത്തിനായി കേരള സർക്കാർ ആരോഗ്യവകുപ്പിനു കീഴിൽ രൂപംനൽകിയ സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA). ആരംഭിച്ച് ഒരു വർഷം പൂർത്തിയാകുമ്പോഴാണ് SHA ഈ നേട്ടം കൈവരിച്ചത്.



आवरण चित्र
Cover Illustration

राज्य स्वास्थ्य अभिकरण (स्टेट हेल्थ एजेन्सी - एसएचए), केरल कारुण्या स्वास्थ्य सुरक्षा योजना (कारुण्या आरोग्य सुरक्षा पद्धति - केएएसपी) और कारुण्या हितकारी निधि (कारुण्या बेनेवोलेन्ट फंड - केबीएफ) की गतिविधियों के निष्पादन के लिए स्वास्थ्य एवं परिवार कल्याण विभाग, केरल सरकार के अधीन कार्यरत एक संगठन है। केरल में केएएसपी योजना का कार्यान्वयन आयुष्मान भारत प्रधानमंत्री जन आरोग्य योजना (पीएम-जय) के सहयोग किया गया है। पीएम-जय योजना ने सफलतापूर्ण कार्यान्वयन के 3 साल पूरे किए हैं। तीसरी वर्षगांठ पर राष्ट्रीय स्वास्थ्य प्राधिकरण (नैशनल हेल्थ एजेन्सी - एनएचए) ने आरोग्य मंथन 3.0 नामक एक अखिल भारतीय समारोह का आयोजन किया है। आरोग्य मंथन 3.0 में राज्य स्वास्थ्य अभिकरण ने अस्पताल में भर्ती की उच्चतम दर सहित सबसे अच्छा प्रदर्शन करनेवाले राज्य का खिताब हासिल किया है। खुशी के इस अवसर पर यह विशेष आवरण जारी करने में डाक विभाग गौरवान्वित है।

The State Health Agency (SHA), Kerala is an organization under the Department of Health and Family Welfare, Government of Kerala to execute the activities pertaining to the implementation of the Karunya Arogya Suraksha Padhathi (KASP) and Karunya Benevolent Fund (KBF). In Kerala, the KASP scheme is implemented with the support of Ayushman Bharat Pradhan Manthri Jan Arogya Yojana (PM-JAY). The PM-JAY scheme has completed 3 years of successful implementation. On the ambit of the third anniversary, National Health Agency (NHA) has organized a pan India celebration called Arogya Manthan 3.0. The State Health Agency has bagged the best - performing State with the highest hospitalisation rate in the Arogya Manthan 3.0. On this joyful occasion, Department of Posts is proud to release this special cover.

केरल डाक सर्किल Kerala Postal Circle
KL- 50 /2021

## കൊല്ലം ജില്ലയ്ക്ക് ദേശീയപുരസ്കാരം




**'യൂ**ണിവേഴ്സൽ ഹെൽത്ത് കവറേജ്' ദിനാചരണത്തിന്റെ ഭാഗമായി എ.ബി.പി.എം.ജെ.എ.വൈ പദ്ധതിയിലുൾപ്പെട്ട ആശുപത്രികൾ ആരോഗ്യരംഗത്തു വിവിധ മേഖലകളിൽ നടത്തുന്ന മാതൃകാപരമായ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി നാഷണൽ ഹെൽത്ത് അതോറിറ്റി സംഘടിപ്പിച്ച ദേശീയതല മത്സരത്തിൽ കൊല്ലം ജില്ലയിലെ അഷ്ടമുടി ഹോസ്പിറ്റൽ ആൻഡ് ട്രോമാ കെയർ സെന്ററിന് Best practice in follow up care (post discharge Care) for AB-PMJAY എന്ന വിഭാഗത്തിൽ മൂന്നാം സമ്മാനം ലഭിച്ചു. 2021 ഡിസംബർ 13 ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ ആശുപത്രിക്കുവേണ്ടി ജി. ജയലാൽ, ഡോ. ജേക്കബ് ജോൺ എന്നിവർ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി ഡോ. ഭാരതി പർവീൺ പവാറിൽ നിന്ന് പുരസ്കാരം സ്വീകരിച്ചു.

# സൗജന്യചികിത്സ നമ്മുടെ അവകാശം



**ഓ**ഫീസിൽ തിരക്കേറിയ ദിവസം. ഉച്ചയ്ക്ക് രണ്ടുമണിയായിക്കാണും. ഇടതടവില്ലാതെ വന്നുകൊണ്ടിരുന്ന ഫോൺ കാളുകളിലൊന്ന് എന്നെ വല്ലാതെ അസ്വസ്ഥയാക്കി. മുറിഞ്ഞും ചതഞ്ഞും ചിതറിയവാക്കുകൾ. ഒന്നും മനസ്സിലാകുന്നില്ല. ആകെ മനസ്സിലായത് ഇത്രമാത്രം. 'എന്റെ ഭാര്യ മരിച്ചു. കാശുകിട്ടുമോ?' മറ്റാരെയെങ്കിലുംകൊണ്ട് സംസാരിപ്പിക്കാമോ എന്ന എന്റെ ചോദ്യം കേട്ട പാടെ അദ്ദേഹം ഫോൺവെച്ചു. രാത്രി അദ്ദേഹത്തിന്റെ മകൾ വിളിച്ചു. പക്ഷെ അതും ഏതാണ്ട് അങ്ങനെ തന്നെയായിരുന്നു. ഒന്നും മനസ്സിലായില്ല. ഒരു പരാതി എഴുതി അയയ്ക്കാൻ ഞാൻ നിർദേശിച്ചു. എന്തായാലും അത് മനസ്സിലായി പന്ത്രണ്ടുദിവസം കഴിഞ്ഞ് ഇമെയിൽ കിട്ടിയപ്പോൾ വ്യക്തമായി. പിന്നീട് അദ്ദേഹത്തെ ചികിത്സിക്കുന്ന ശ്രീചിത്രയിലെ ന്യൂറോളജിസ്റ്റും വിളിച്ചു.

> *കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിൽ സൗജന്യ ചികിത്സനിങ്ങൾക്ക്അവകാശപ്പെട്ടതാണ്, ഔദാര്യമല്ല. ആശുപത്രികളിൽ ഇത്തരത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ ഉടൻതന്നെ DGRC പോർട്ടലിലോ, ദിശ ടോൾ ഫ്രീ നമ്പറായ 1056 / 104 ലോവിളിച്ച് പരാതിപ്പെടാവുന്നതാണ്.*

അപ്പോഴാണ് വിളിച്ചയാളുടെ പേരും പ്രശ്നങ്ങളും മനസ്സിലായത്. പേര് ഹരിഹരൻ. വയസ്സ്: എഴുപത്. പാർക്കിൻസൺ രോഗബാധിതനാണ്. മകൾക്കും മകനും ഓട്ടിസം. രോഗിയായിരുന്ന ഭാര്യ 2020 ജനുവരിയിൽ ചികിത്സയിലിരിക്കെ മരിച്ചു. ചികിത്സയ്ക്ക് ആശുപത്രിയിൽ മാത്രം 1,30,000 രൂപയോളം ചെലവായി. കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയുടെ കാർഡ് ഉണ്ടായിരുന്നിട്ടും ആശുപത്രി ഈടാക്കിയ ആ തുക തിരികെ ലഭിക്കാൻ രണ്ടുവർഷത്തോളം പല ഓഫീസുകളിലും കയറി ഇറങ്ങി. ഫലമുണ്ടായില്ല. കുടുംബത്തെ മുഴുവൻ ബാധിച്ച രോഗങ്ങൾ ആ വീട്ടിലേക്കുള്ള വരുമാനം പാടെ ഇല്ലാതാക്കിയിരുന്നു .

ഉടൻതന്നെ ആശുപത്രിയുമായി ഞങ്ങൾ ബന്ധപ്പെട്ട് കേസ് DGRC യിൽ ഉൾപ്പെടുത്താനും ചികിത്സയ്ക്കുചെലവായ മുഴുവൻതുകയും അടുത്ത അദാലത്തിലുൾപ്പെടുത്തി എത്രയും പെട്ടന്ന് അവകാശികൾക്ക് അനുവദിച്ച് നൽകാനും നിർദ്ദേശം നൽകി.

തുക കിട്ടിയപ്പോൾ, നന്ദിപറയാൻ കടുത്ത രോഗപീഡയ്ക്കിടയിലും ആശ്വാസത്തോടെ, സന്തോഷത്തോടെ അദ്ദേഹം ഞങ്ങളെ കാണാൻ വന്നു. 'ഇനിയിപ്പോ ഈപണം കുട്ടികളുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാം, എനിക്ക് പ്രായമായില്ലേ ഇനി എത്ര കാലം...' വളരെ ബുദ്ധിമുട്ടിയാണ് അദ്ദേഹത്തിന്റെ വാക്കുകൾ ഞങ്ങൾ മനസ്സിലാക്കിയെടുത്തത്.

'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സൗജന്യ ചികിത്സ നിങ്ങൾക്ക് അവകാശപ്പെട്ടതാണ്, ഔദാര്യമല്ല. ആശുപത്രികളിൽ ഇത്തരത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ ഉടൻതന്നെ DGRC പോർട്ടലിലോ, ദിശടോൾ ഫ്രീ നമ്പറായ 1056 / 104 ലോ വിളിച്ച് പരാതിപ്പെടാവുന്നതാണ്. അല്ലെങ്കിൽ ജില്ലാ പ്രോജക്റ്റ് കോ - ഓർഡിനേറ്റർനോട് നേരിട്ട് പരാതിനൽകാനും മടിക്കരുത്.' ഒപ്പം വന്നവരെ അതോർമ്മിപ്പിച്ച് കൃതാർത്ഥതയോടെ ഞങ്ങൾ അടുത്ത ജോലിയിലേക്ക് കടന്നു

**ബിസ്മി .എസ്. ജെ. നായർ**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
തിരുവനന്തപുരം

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ IAS**
(എക്സിക്യുട്ടീവ് ഡയറക്ടർ )

എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്സിക്യുട്ടീവ് - ഐ.ഇ.സി & സി.ബി)

*അംഗങ്ങൾ*

**ഡോ ബിജോയ് ഇ**
(ജോയിന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)

**സുരേഷ് കെ**
(മാനേജർ- എച്ച് ആർ & അഡ്മിനിസ്ട്രേഷൻ)

**അനികൃഷ്ണ കെ**
(മാനേജർ - ജി ആർ & എം ഇ )

**വിപിൻ സി മാത്യു**
(മാനേജർ - ഫിനാൻസ്)

**ഡോ വിമൽ വി വി**
(മാനേജർ - HN & QA)

**വിവേക് കൃഷ്ണൻ പി.കെ**
(മാനേജർ - ഐ.ടി)

കൺസൾട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**

# എറണാകുളം ജനറൽ ആശുപത്രിയിൽ 'കാരുണ്യ'യിലൂടെ ഹൃദ്രോഗശസ്ത്രക്രിയയും



**കാ**രുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് ഇനി ആശ്വസിക്കാം. എറണാകുളം ജനറൽ ആശുപത്രിയിൽ ആരംഭിച്ച സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലൂടെ എല്ലാ കാസ്പ് ഗുണഭോക്താക്കൾക്കും അർഹരായ KBF ഗുണഭോക്താക്കൾക്കും പരിപൂർണമായും സൗജന്യ ഹൃദ്രോഗചികിത്സ തുടങ്ങി. ശരാശരി 250 രോഗികളാണ് ജില്ലയിൽ ഹൃദ്രോഗം ബാധിച്ച് ശസ്ത്രക്രിയകൾക്കായി ആശുപത്രികളെ സമീപിക്കുന്നത്. അവർക്ക് സൗജന്യ സേവനം നൽകാൻ ഉണ്ടായിരുന്നതാവട്ടെ ഒരേയൊരു സ്വകാര്യ ആശുപത്രിയും. അതുകൊണ്ടുതന്നെ എല്ലാവർക്കും യഥാസമയം ചികിത്സ ഉറപ്പാക്കുക ഒരുവെല്ലുവിളി തന്നെയായിരുന്നു.




> *കേരളത്തിൽ ആദ്യമായി ജനറൽ ആശുപത്രിയിൽ ഹൃദ്രോഗ ശസ്ത്രക്രിയ ചെയ്യുന്നു എന്ന ഖ്യാതിയും ഇതോടെ ജനറൽ ആശുപത്രിക്ക് സ്വന്തം. ഒരു കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഡ്രൈവറായിരുന്ന പ്രസാദാണ് ഈ സേവനം കാരുണ്യ ബെനവലൻറ് പദ്ധതിയിലൂടെ ആദ്യം ഉപയോഗപ്പെടുത്തുന്നത്*

കേരളത്തിൽ ആദ്യമായി ജനറൽ ആശുപത്രിയിൽ ഹൃദ്രോഗ ശസ്ത്രക്രിയ ചെയ്യുന്നു എന്ന ഖ്യാതിയും ഇതോടെ ജനറൽ ആശുപത്രിക്ക് സ്വന്തം. ഒരു കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഡ്രൈവറായിരുന്ന പ്രസാദാണ് ഈ സേവനം കാരുണ്യ ബെനവലൻറ് പദ്ധതിയിലൂടെ ആദ്യം ഉപയോഗപ്പെടുത്തുന്നത്. സാമ്പത്തിക പരാധീനതമൂലം ഏറെ നാളായി മാറ്റിവച്ചിരുന്ന ശസ്ത്രക്രിയയാണ് കോട്ടയം മെഡിക്കൽ കോളജിലെ ഡോ . ജയകുമാറിന്റെ നേതൃത്വത്തിൽ ജനറൽ ആശുപത്രിയിലെ ഡോ.ജോർജ് ആളൂരാനും കാർഡിയോളജി വിഭാഗത്തിലെ മറ്റ് ഡോക്ടർമാരും ചേർന്ന് പൂർത്തിയാക്കിയത്.

കാർഡിയോളജി സേവനങ്ങൾക്ക് പുറമേ ന്യൂറോളജി, ന്യൂറോസർജറി, യൂറോളജി, നെഫ്രോളജി, പ്ലാസ്റ്റിക്സർജറി, പീഡിയാട്രിക് സർജറി, ഓങ്കോളജി, സർജറി തുടങ്ങിയ വിഭാഗങ്ങളിലും ഇവിടെനിന്നും ജനങ്ങൾക്ക് ചികിത്സ ലഭിക്കും.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ ബ്ലോക്കിലാണ് ഈചികിത്സ സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുള്ളത്. ഈ ബ്ലോക്കിന്റെ പരിപാലന ചിലവ്, മനുഷ്യവിഭവപരിപാലനവും KASP ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കുന്നത്.

# ശസ്ത്രക്രിയസങ്കീർണ്ണം, പക്ഷേ ഒപ്പമുണ്ട് കാരുണ്യ

അൽപം സങ്കീർണ്ണമായ ശസ്ത്രക്രിയയിലൂടെയേ തന്റെ തോളെല്ലിനേറ്റ പരിക്ക് ഭേദമാക്കാൻ കഴിയൂ എന്ന് കോട്ടയം മെഡിക്കൽ കോളേജിലെ അസ്ഥി രോഗവിദഗ്ധൻ പറയുന്നത് കേട്ടപ്പോൾ ആദർശ് സ്തബ്ധനായി. യൗവ്വനത്തിന്റെ തുടക്കത്തിൽ തന്നെ സങ്കീർണമായ ശസ്ത്രക്രിയ. അതിലേറെ അയാളെ അസ്വസ്ഥനാക്കിയത് ഒരുലക്ഷം രൂപയെങ്കിലും ചികിത്സയ്ക്ക് കണ്ടെത്തണമെന്നതായിരുന്നു.

കോട്ടയം അയർകുന്നം സ്വദേശിയായ ആദർശ് (25) തോളെല്ലിനേറ്റ ക്ഷതത്തെ തുടർന്നാണ് കോട്ടയം മെഡിക്കൽകോളേജിൽ പരിശോധനകൾക്ക് എത്തിയത്. തോളെല്ലിന് സ്ഥാനഭ്രംശം പറ്റിയെന്ന് സി.റ്റി.സ്കാൻ, എം.ആർ.ഐ. സ്കാൻ തുടങ്ങിയ പരിശോധനകളിലൂടെ കണ്ടെത്തി. അൽപം സങ്കീർണ്ണമായ ശസ്ത്രക്രിയയിലൂടെ മാത്രമേ ആപരിക്ക് ഭേദമാക്കാൻ കഴിയൂ എന്ന് ഡോക്ടർമാർ ഏകസ്വരത്തിൽ പറഞ്ഞു.



ചുമട്ടുതൊഴിലാളിയായിരുന്നു അച്ഛൻ. ഇപ്പോൾ വൃക്കരോഗം കാരണം തൊഴിലെടുക്കാനാവുന്നില്ല. പായ്കിംഗ് തൊഴിലിൽ നിന്നും അമ്മയ്ക്ക് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് കുടുംബം കഴിയുന്നത്... ആദർശ് ഒരുചെറിയ ജോലിയിൽ പ്രവേശിച്ചതേയുള്ളൂ.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യത്തിന് കുടുംബം അർഹമാണെന്ന് ആദർശിന് അറിയുമായിരുന്നു. എന്നാൽ ശസ്ത്രക്രിയ സങ്കീർണമായതുകൊണ്ട് അധികം പണം കണ്ടെത്തേണ്ടി വരുമോ, ആരോഗ്യ ഇൻഷ്വറൻസ് കിട്ടുന്നതിന് സങ്കീർണമായ നടപടിക്രമങ്ങൾവേണ്ടിവരുമോ എന്നൊക്കയുള്ള ആശങ്കകളോടെയാണ് ആദർശ് കോട്ടയം മെഡിക്കൽകോളേജിലെ ഇൻഷ്വറൻസ് കൗണ്ടറിലെത്തിയത്.

എന്നാൽ ഭയപ്പെട്ടതുപോലെ കാലതാമസമോ സങ്കീർണമായ നടപടിക്രമങ്ങളൊ വേണ്ടിവന്നില്ല. ആവശ്യമായ റിപ്പോർട്ടുകളും, അനുമതികളും എല്ലാം ആശുപത്രിയിലെ കാസ്പ് ടീമംഗങ്ങൾ തന്നെ സംഘടിപ്പിച്ചു. ശസ്ത്രക്രിയയും വേഗത്തിൽനടന്നു. ഏഴുദിവസങ്ങൾകൂടി ആശുപത്രിവാസം വേണ്ടിവന്നു. പിന്നീട് തിരികെ വിട്ടിലേക്ക്.......ആശങ്കകളകന്ന മനസ്സോടെ ആദർശും കുടുംബവും അത്ഭുതംകൂറി: കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഇത്രയും ലളിതമായിരുന്നു അല്ലേ!

അനേകരുടെ ആശങ്കയ്ക്കുള്ള മറുപടികൂടിയാണിത്. രോഗവും ചികിത്സയും എത്രസങ്കീർണമായാലും നടപടിക്രമങ്ങൾ അതീവ ലളിതമാണ്; സൗഹൃദാത്മകവും. അർഹതയുണ്ടെങ്കിൽ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി നിങ്ങളുടെ വിളിപ്പുറത്തുണ്ട്. ഭയപ്പെടേണ്ട.

**തോമസ് മാത്യൂ**
ആരോഗ്യമിത്ര,
ഗവ. മെഡിക്കൽ കോളേജ്,
കോട്ടയം

# അവിശ്വസനീയ മാറ്റം



**2011** സെപ്തംബറിലാണ് പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ആരോഗ്യ ഇൻഷുറൻസ് വിഭാഗത്തിൽ ഞാൻ ഡാറ്റ എൻട്രി ഓപ്പറേറ്ററായി ജോലിയിൽ പ്രവേശിച്ചത്. അന്ന് RSBY ഇൻഷുറൻസ് പദ്ധതിയായിരുന്നു. ഒരു കുടുംബത്തിലെ അഞ്ചു പേർക്ക് മുപ്പതിനായിരം രൂപയായിരുന്നു വാർഷിക ഇൻഷുറൻസ് പരിരക്ഷ. 2019 ൽ അത് പി എം ജെ എ വൈ ഇൻഷുറൻസ് പദ്ധതിയായി. അവിശ്വസനീയമായ മാറ്റം. ഇൻഷുറൻസ് കവറേജ് ഒറ്റയടിക്ക് മുപ്പത്തിനായിരത്തിൽനിന്ന് അഞ്ചുലക്ഷമായി ഉയർത്തി. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും അതിന്റെ ആനുകൂല്യം അനുവദിച്ചു, ഡാറ്റ എൻട്രി ഓപ്പറേറ്റർ ആരോഗ്യമിത്രയായി.

അർഹതയുള്ളവർക്കെല്ലാം ഇൻഷുറൻസ് കാർഡ് അതിവേഗം എടുത്തുനൽകാൻ നടപടിക്രമങ്ങൾ പരിഷ്ക്കരിച്ചു. ചികിത്സാരേഖകൾ പ്രോസസ്സ് ചെയ്യുന്നതിലും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവന്നു. കേവലം യാന്ത്രികമായ ഒരുതൊഴിലല്ല, ആതുരശുശ്രൂഷയാണ് എന്ന ബോധ്യത്തോടെയാണ് ഈപദ്ധതിയിൽ ഓരോരുത്തരും പ്രവർത്തിക്കുന്നത്. അതാണിതിന്റെ വിജയരഹസ്യവും. 2019 ൽ ഡൽഹിയിൽ നടന്ന ആയുഷ്മാൻ ഭാരത് ദേശീയ സമ്മേളനത്തിൽ പങ്കെടുക്കാനും രാജ്യത്തിന്റെ പലഭാഗത്തു നിന്നുള്ള പ്രവർത്തകരുമായി ആശയ വിനിമയം നടത്താനും എനിക്കവസരം കിട്ടി. തൊഴിലിനുപരി ഒരുസേവനാവസരം എന്ന സന്തോഷമാണ് എത്രജോലിത്തിരക്കിലും പ്രവർത്തകരെ കർമ്മോന്മുഖരാക്കുന്നത്. ഞാനും അതിൽ അഭിമാനിക്കുന്നു.

**അനിത. T**
ആരോഗ്യമിത്ര
താലൂക്ക് ആശുപത്രി, പട്ടാമ്പി

# ഇതര സംസ്ഥാനതൊഴിലാളി കുടുംബത്തിനും കേരളത്തിന്റെ കാരുണ്യസ്പർശം

**ജാ**ർഖണ്ഡ് സ്വദേശികളാണ് ലിബ്ന സ്ഭുയാനും സുജാനിയും. കഴിഞ്ഞ 3 വർഷമായി തിരുവല്ലയ്ക്കടുത്ത് മല്ലപ്പള്ളിയിലാണ് താമസം. കേരളത്തിലെ പച്ചപ്പുകണ്ട് തൊഴിൽ തേടിവന്നവരാണ്, വിദ്യാഭ്യാസം തീരെയില്ല. ലിബ്നസ്ന് ഇവിടെക്കിട്ടുന്ന ദിവസക്കൂലി മാത്രമാണ് വരുമാനം. അവർക്കുപിറന്ന കുഞ്ഞിന്റെ ഒരുഫോട്ടോ സ്ഥലത്തെ ആശാവർക്കർ ഞങ്ങൾക്ക് അയച്ചുതന്നു. ദയനീയമായിരുന്നു അവസ്ഥ. ശോഷിച്ചുണങ്ങിയ ശരീരം. രണ്ടുമാസമായിട്ടും ശരീര ഭാരം രണ്ടേകാൽ കിലോയിൽ താഴെ.അത് കുറഞ്ഞു കൊണ്ടേയിരുന്നു. പോഷകാഹാരത്തിന്റെ അഭാവം പ്രകടമാണ്. ജന്മനാലുള്ള വൈകല്യം കാരണം പാൽവലിച്ചു കുടിക്കാൻ കഴിയുന്നില്ല. അടിയന്തര ചികിത്സ അനിവാര്യമായ സ്ഥിതി. പക്ഷെ മാതാപിതാക്കൾക്ക് അതേപ്പറ്റി ധാരണയോ ആശങ്കയോ ഇല്ല.

കോട്ടയത്തോ തിരുവനന്തപുരത്തോ മെഡിക്കൽ കോളേജിൽ കാണിക്കുകയാണ് ഉത്തമമെന്ന് ആരോഗ്യ പ്രവർത്തകർ ഉപദേശിച്ചു. പക്ഷെ അതിനുള്ള സാമ്പത്തിക ശേഷിയോ സന്നദ്ധതയോ അവർക്കില്ല. കാരുണ്യ പദ്ധതിയിലുൾപ്പെടുത്തി ചികിത്സ നടത്താൻ കഴിയുമോ എന്ന് ഞങ്ങൾ പരിശോധിച്ചു. പക്ഷെ അവർ ഇവിടെ പദ്ധതിയിൽ അംഗമല്ല. ഇൻഷുറൻസ് കാർഡില്ല, റേഷൻകാർഡുമില്ല. ജാർഖണ്ഡിലെ മേൽവിലാസം അവരിൽ നിന്ന് വാങ്ങി ഞങ്ങൾ അവിടെ അവരുടെ ബന്ധുക്കളുമായി ബന്ധപ്പെട്ടു. അവരിൽനിന്ന് റേഷൻകാർഡിന്റെ നമ്പർ ശേഖരിച്ച് പോർട്ടലിൽ തിരഞ്ഞു. ആരോഗ്യ ഇൻഷുറൻസ് ആനുകൂല്യത്തിന് അവർ അർഹരാണെന്നു അതിലൂടെ കണ്ടെത്തി. അപ്പോഴാണ് മറ്റൊരു പ്രശ്നം. കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കണമെങ്കിൽ ജനന സർട്ടിഫിക്കറ്റ് വേണം.



*ചികിത്സക്ക് മുൻപ്*



*ചികിത്സക്ക് ശേഷം*

കോട്ടയം മെഡിക്കൽ കോളേജിലാണ് കുട്ടി ജനിച്ചത്. ജനനമരണ പോർട്ടലിൽ നിന്ന് കുട്ടിയുടെ ജനനസർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തു. പിന്നെ എല്ലാം വേഗത്തിലായിരുന്നു. കുട്ടിയുടെ 'കാസ്പ്' കാർഡ് ശരിയാക്കി. കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സാച്ചെലവ് മുഴുവൻ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിൽ നിന്ന് നൽകി. കുട്ടി വളരെ വേഗം സുഖം പ്രാപിച്ചു. അൽപ്പം ബുദ്ധിമുട്ടിയാണെങ്കിലും ഇതര സംസ്ഥാന തൊഴിലാളികൾക്കും ഇവിടെ കാരുണ്യയുടെ ചികിത്സാസഹായം ലഭ്യമാക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർഥ്യം ഞങ്ങൾക്ക് പറഞ്ഞറിയിക്കാനായില്ല. പ്രതിബദ്ധതയോടെയുള്ള ടീം വർക്കാണ് ഇത് സാധ്യമാക്കിയത്.

**ഡെന്നീസ് ജോൺ**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
പത്തനംതിട്ട

# ആശ്വാസം കാരുണ്യയിലൂടെ




**ആ**ഴ്ചയിൽ മൂന്ന് ഡയാലിസിസ്. പ്രതിമാസ ചെലവ് കുറഞ്ഞത് ഇരുപതിനായിരം രൂപ. കൃഷിത്തൊഴിലാളിയായ ഫിലിപ്പേട്ടന് താങ്ങാവുന്നതിലധികമായിരുന്നു അത്. ഒരു ചെറു കർഷക കുടുംബാംഗമാണ് ഇടുക്കിജില്ലയിലെ അടിമാലി സ്വദേശിയായ ഫിലിപ്പ് ചേട്ടൻ.

രണ്ടുവർഷം മുൻപാണ് വൃക്ക രോഗം തിരിച്ചറിഞ്ഞത്. ജോലി ചെയ്യാൻ വയ്യാതായി. വരുമാനം നിലച്ചു. ഒപ്പം പ്രതിമാസം ഇരുപതിനായിരത്തോളം രൂപയുടെ അധികച്ചെലവും. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഫിലിപ്പേട്ടൻ ഏറെ കഷ്ടപ്പെട്ടു.

വരുമാനം മൂന്നു ലക്ഷത്തിൽ താഴെയായതിനാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടെങ്കിലും കാർഡ് എടുത്തിരുന്നില്ല. അടിമാലിയിലെ MSS ഇഖ്റാ മെഡിക്കൽസെന്റർ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിൽ എംപാനൽ ചെയ്തതോടെ ഫിലിപ്പേട്ടന് ആശ്വാസമായി. കാരുണ്യകാർഡ് എടുത്തു. ഡയാലിസിസ് പൂർണമായും സൗജന്യമാക്കി. കടുത്ത ആശങ്കയിലായിരുന്ന ഫിലിപ്പേട്ടന് അത് മുന്നോട്ടുള്ള ജീവിതത്തിൽ ആശ്വാസവും ആത്മവിശ്വാസവും പകർന്നു.

**സുജിത് എസ്**
ആരോഗ്യമിത്ര,
MSS ഇഖ്റാമെഡിക്കൽ സെന്റർ, അടിമാലി

# പുതുവെളിച്ചമായി എന്റെ ജീവിതത്തിൽ കാരുണ്യ

***കാരുണ്യ പദ്ധതിയിലൂടെ കാഴ്ച്ചവീണ്ടെടുത്ത പയ്യാവൂർ സ്വദേശി അച്ചാമ്മ സ്വന്തം അനുഭവംപങ്കുവയ്ക്കുന്നു***



'**എ**ന്റെ പേര് അച്ചാമ്മ. വീട്ടിൽ ഞാനും ഭർത്താവും മാത്രം. മക്കൾ കല്യാണം കഴിഞ്ഞ് സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്ന തത്രപ്പാടിലാണ്. മലയോരത്തെ ഒരു കൊച്ചു വീടും കുറച്ചു സ്ഥലവും മാത്രമാണ് ഞങ്ങൾക്കുണ്ടായിരുന്നത്. കഴിഞ്ഞ വെള്ളപ്പൊക്കത്തിലും മലയിടിച്ചിലിലും വീട് നഷ്ടപ്പെട്ടു. നിരാശ്രയരായ ഞങ്ങൾക്ക് നാട്ടുകാർ പഞ്ചായത്തിന്റെ സഹായത്തോടെ വെച്ചുതന്ന വീട്ടിലാണ് ഇപ്പോൾ താമസിക്കുന്നത്.

'അങ്ങനെ ഒരു വലിയ പ്രശ്നം തീർന്നു എന്ന ആശ്വാസത്തിൽ ജീവിക്കുമ്പോഴാണ് എന്റെ കണ്ണിന് ഒരു മൂടൽ വന്നത്. കാഴ്ച്ച ദിനംപ്രതി കുറഞ്ഞു തുടങ്ങി. ഭർത്താവ് രോഗിയാണ്. ഞങ്ങൾ ഇരുവർക്കും വരുമാനമില്ല. തൊഴിൽ ചെയ്യാനുള്ള ആരോഗ്യവുമില്ല. എന്ത് ചെയ്യണമെന്നറിയാതെ ഞങ്ങൾ വലഞ്ഞു. ഒടുവിൽ മക്കളെ സമീപിച്ചു. അവരും സാമ്പത്തികമായി സുരക്ഷിതരല്ല. എന്നാലും അവർ എന്നെ തളിപ്പറമ്പിലുള്ള നേത്ര ജ്യോതി കണ്ണാശുപത്രിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. പരിശോധനയിൽ എന്റെ രണ്ടു കണ്ണിലും തിമിരം കണ്ടെത്തി. ശസ്ത്രക്രിയ വേണം. സ്വകാര്യആശുപത്രിയിൽ അത് വലിയ ചെലവുള്ളകാര്യമാണല്ലോ എന്നോർത്ത് ഡോക്ടറുടെ മുറിയിൽ നിന്ന് പുറത്തിറങ്ങുമ്പോഴാണ് ആ ആശുപത്രിയിൽ കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതിയുടെ സേവനം ഉണ്ടെന്നറിഞ്ഞത്. അവിടെ ഒരു കൗണ്ടറിൽ സ്റ്റാഫിനോട് അതെപ്പറ്റി ആരാഞ്ഞു. അവർ വിശദമായിത്തന്നെ കാര്യങ്ങൾ പറഞ്ഞുതന്നു. അതുവരെ ഞങ്ങൾ കാരുണ്യ ഇൻഷുറൻസ് കാർഡ്എടുത്തിരുന്നില്ല. പഴയ RSBY കാർഡ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് പറഞ്ഞയുടൻ അവർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജില്ലാ പ്രോജക്ട് കോർഡിനേറ്ററെ ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം പുതിയ 'കാരുണ്യ' കാർഡ് എടുത്തുതന്നു. അങ്ങനെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സഹായത്തോടെ എന്റെ രണ്ടുകണ്ണിന്റെയും ശസ്ത്രക്രിയ നടന്നു. അങ്ങനെ എനിക്ക് കാഴ്ച്ച തിരിച്ചുകിട്ടി.

'സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പ്രവർത്തകരുടെ സേവനസന്നദ്ധതയുംനല്ല പെരുമാറ്റവുമാണ് എനിക്ക് ഏറ്റവുമധികം ആശ്വാസം പകർന്നത്. ആശുപത്രിയിലും നല്ലപരിചരണം കിട്ടി. എന്നെപ്പോലെ നിർധനരായ ധാരാളം രോഗികൾക്ക് വലിയൊരു കൈത്താങ്ങാണ് കാരുണ്യ. എങ്ങനെ നന്ദിപറയണമെന്നറിയില്ല'

**അച്ചാമ്മ,** പയ്യാവൂർ

# ഹൃദയം കൊണ്ട് ചിരിക്കുമ്പോൾ




**രോ**ഗങ്ങളും ആശുപത്രിവാസവും വിട്ടൊഴിയാത്ത ഒരു കുടുംബത്തിൽ ജനിച്ചുവളർന്നയാളാണ് ഞാൻ. അതുകൊണ്ടാണ് കാസ്പിലൂടെ നിർധന രോഗികളെ സഹായിക്കാൻ ഒരവസരം കിട്ടിയപ്പോൾ പ്രതിഫലം നോക്കാതെ ഞാൻ ഈ ജോലി സസന്തോഷം സ്വീകരിച്ചത്. ഇപ്പോൾ മലപ്പുറം ജില്ലയിലെ കോട്ടക്കലിൽ ഹാർട്ട് മലബാർ ഹോസ്പിറ്റലിൽ കാസ്പിന്റെ ആരോഗ്യമിത്ര.

സാധാരണക്കാരെ ഭാരിച്ച ചികിത്സാച്ചെലവുകളിൽ നിന്ന് മോചിപ്പിക്കാൻ ആയുഷ്മാൻ ഭാരത് ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ നടപ്പാക്കുന്ന ഈപദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്താവ് കൂടിയാണ് ഞാൻ.

2019 ൽ പഞ്ചായത്ത് തലത്തിൽ കാസ്പ് ആരോഗ്യ ഇൻഷുറൻസ്കാർഡ് ജനങ്ങൾക്ക് നൽകുന്ന പ്രവർത്തനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായാണ് തുടക്കം. തുടർന്ന് മലപ്പുറം ജില്ലയിലെ എടവണ്ണയിലും തുടർന്ന് കോട്ടക്കൽ ഹാർട്ട് മലബാർ ഹോസ്പിറ്റലിലും അതേ ജോലിക്ക് അവസരം കിട്ടി. പാവപ്പെട്ട അനേകം രോഗികളെ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിൽ സഹായിക്കാനായത് വലിയൊരു ഭാഗ്യമായി ഞാൻ കാണുന്നു. പ്രത്യേകിച്ചും കോവിഡ് മഹാമാരിയുടെ മൂർധന്യാവസ്ഥയിൽ. സേവനത്തിനിടയിൽ ആ മഹാമാരി എന്നെയും വെറുതെ വിട്ടില്ല. ലോക്ക്ഡൗൺ കാലത്തായിരുന്നു അത്. കാരുണ്യയുടെ ഇൻഷുറൻസ് കാർഡുണ്ടായിരുന്നതിനാൽ എനിക്കും പണച്ചെലവില്ലാതെ ജീവൻ രക്ഷിക്കാനായി. അതെസമയം എനിക്കൊപ്പം ആശുപത്രി വാർഡിലുണ്ടായിരുന്ന മറ്റൊരു രോഗിക്കും കാസ്പിന്റെ വഴിപറഞ്ഞു കൊടുത്ത് സൗജന്യ ചികിത്സ ലഭ്യമാക്കാനായി.

ഓരോ രോഗിയും തന്റെ തീവ്രമായ രോഗാവസ്ഥ മറികടന്ന് വരുമ്പോൾ ഹൃദയത്തിൽ നിന്ന് ഒരുചിരി വിരിയാറുണ്ട്. അതിന്റെ സൗന്ദര്യം വേറൊന്നു തന്നെയാണ്. അതാണ് കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കരുത്തും മഹത്വവും.

**ബിൻഷുരാജ്,**
ആരോഗ്യമിത്ര,
ഹാർട്ട്മലബാർ ഹോസ്പിറ്റൽ, കോട്ടക്കൽ

# ചോദിക്കൂ, പറയാം

## ഗുണഭോക്താക്കളുടെ സംശയങ്ങളും മറുപടിയും

### KASP പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത ചികിത്സകൾ ഏതൊക്കെ?

- വന്ധ്യതചികിത്സ, വാക്സിനേഷൻ
- ആത്മഹത്യശ്രമം, സൗന്ദര്യവർദ്ധകചികിത്സകൾ

### KASP പദ്ധതി പ്രകാരം ലഭ്യമാകുന്ന പരമാവധിതുക എത്ര?

ഒരു കുടുംബത്തിന് പ്രതിവർഷം പരമാവധി 5 ലക്ഷം രൂപവരെ

### ഡിസ്ചാർജ് മരുന്നുകൾ സൗജന്യമാണോ? എത്ര ദിവസം വരെ ലഭിക്കും ?

ഡിസ്ചാർജ് സമയത്ത് ഡോക്ടറുടെ നിർദ്ദേശം ഉണ്ടെങ്കിൽ മാത്രം - പരമാവധി പതിനഞ്ച് ദിവസം വരെയുള്ള മരുന്ന് ആശുപത്രിയിൽനിന്ന് സൗജന്യമായി നൽകുന്നതാണ്

### പ്രസവ പാക്കേജിൽ കുഞ്ഞിന്റെ ചികിത്സ ഉൾപ്പെടുന്നുണ്ടോ?

ഉണ്ട്. മാതാവ് അംഗത്വകാർഡിൽ അംഗമാണെങ്കിൽ പോളിസി കാലയളവിൽ പിറക്കുന്ന കുഞ്ഞിനും സൗജന്യ ചികിത്സ ലഭിക്കും. 28 ദിവസത്തിനുള്ളിൽ കുഞ്ഞിന് പുതിയ കാർഡ് എടുക്കേണ്ടതാണ്.

### KASP പദ്ധതിയുടെ ബാക്കി തുക എങ്ങനെ അറിയാം?


ചികിത്സസമയത്ത് ആശുപത്രിയിലെ KASP കിയോസ്ക്കിലെ സ്റ്റാഫുമായി ബന്ധപ്പെടുക. അവർ ട്രാൻസാക്ഷൻ മാനേജ്മന്റ്സിസ്റ്റം (TMS) മുഖേന പരിശോധിച്ച് KASP അംഗത്വ കാർഡിൽ നിലവിലുള്ള ബാലൻസ് തുക അറിയിക്കും.

### കിടത്തി ചികിത്സയ്ക്ക് മുൻപുള്ള ലാബ്പരിശോധനകൾ KASP പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടോ?

കിടത്തിചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള മൂന്ന് ദിവസത്തെ പരിശോധനകളും മരുന്നുകളും സൗജന്യമായിരിക്കും.

### ആശുപത്രി ചികിത്സയ്ക്കിടെ അടയ്ക്കുന്ന ബില്ലുകൾ റീഫണ്ട് ചെയ്യുമോ?

- KASP ഗുണഫോക്താക്കൾക്ക് പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ നിന്നും തീർത്തും സൗജന്യമായാണ്ചികിത്സ ലഭ്യമാക്കേണ്ടത്. ചികിത്സാവേളയിൽ സ്വന്തം താല്പര്യ പ്രകാരമോ, ആശുപത്രിയുടെ നിർദ്ദേശപ്രകാരമോ ചികിത്സക്കായി പണം ഗുണഭോക്താവ് നൽകേണ്ടതില്ല.
- എന്തെങ്കിലും കാരണവശാൽ പണം നൽകേണ്ട സാഹചര്യമുണ്ടായാൽ ഗുണഭോക്താവ് ടോൾഫ്രീ നമ്പറായ 104/1056/0471-2552056 ൽ ബന്ധപ്പെട്ട് പരാതി രജിസ്റ്റർ ചെയ്യാം.
- പരാതി ജില്ല പ്രോജക്ട് കോർഡിനേറ്റർ വഴി ജില്ല പരാതി പരിഹാര സംവിധാനത്തെ (ഡി.ജി.ആർ.സി) ബന്ധപ്പെടാം. പരാതി ലഭിച്ച് 30 ദിവസത്തിനകം ഡി.ജി.ആർ.സി തീരുമാനമെടുക്കും. കൂടാതെ https://cgrms.pmjay.gov.in/GRMS/log-innew.html എന്ന പോർട്ടൽ വഴിയും പരാതികൾ സമർപ്പിക്കാം.




**നിങ്ങളും പദ്ധതിയിൽ അംഗമാണോ എന്നറിയാൻ താഴെ കാണുന്ന 'ആപ്കാ ദ്വാർ ആയുഷ് മാൻ' (aapkedwarayushman.pmjay.gov.in) എന്ന വെബ്സൈറ്റ് സന്ദർശിച്ച് SECC ഡാറ്റ പ്രകാരം അർഹരായ കുടുംബങ്ങളുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ഡൗൺലോഡ് ചെയ്ത് പരിശോധിക്കാവുന്നതാണ് .**



കാരുണ്യകേരളം
സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വാർത്താപത്രിക

വാല്യം : 01
ലക്കം : 06
2022 ജനുവരി

# ഒരറിവും ചെറുതല്ല ..
## കാസ്പ് പദ്ധതി സന്ദേശം ജനങ്ങളിലേക്ക്



സർക്കാരിന്റെ സേവന പദ്ധതികളെപ്പറ്റി കൃത്യവും വ്യക്തവുമായ അറിവ് ഗുണഭോക്താക്കളിലെത്തിക്കുക എന്നത് ഏതൊരു പദ്ധതിയുടെയും വിജയത്തിൽ നിർണായകമാണ്. അർഹിക്കുന്ന സേവനം മികച്ച നിലവാരത്തിൽ ഉപയോഗപ്പെടുത്താനും ഇടനിലക്കാരുടെ ചൂഷണത്തിലകപ്പെടാതിരിക്കാനും അത് ഗുണഭോക്താക്കളെ സഹായിക്കും.

ഐക്യരാഷ്ട്രസഭയുടെ'സാർവത്രിക ആരോഗ്യ പരിരക്ഷദിന'ത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആലപ്പുഴ ജില്ലയിൽ ഈ ലക്ഷ്യത്തോടെ 'കാരുണ്യ' ആരോഗ്യ സേവന പദ്ധതികളെപ്പറ്റി സാധാരണക്കാരിൽ അവബോധം സൃഷ്ടിക്കാനായി പ്രത്യേക ക്യാംപയിൻ നടത്തി.

എസ്.എച്ച്.എ ജില്ലാ ഓഫീസ് തയ്യാറാക്കിയ 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താവ് അറിയേണ്ടവ' എന്ന ലഘുലേഖയുമായി ജില്ലയിലെ എല്ലാ വാർഡുകളിലും ആശാപ്രവർത്തകർ ഗുണഭോക്താക്കളെ നേരിൽകണ്ടു സംവദിച്ചു. പദ്ധതിയെപ്പറ്റിയുള്ള സംശയങ്ങൾ ദൂരീകരിക്കാൻ ആരോഗ്യവകുപ്പിന്റെ ഹെൽപ്പ്ലൈൻ നമ്പർ – 1056/104 ഉപയോഗപ്പെടുത്താമെന്ന സന്ദേശവും ജനങ്ങളിലെത്തിക്കാൻ ഈ കാമ്പയിൻ സഹായകമായി.

ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ. രാധാകൃഷ്ണൻ, എസ്.എച്ച്.എ ജില്ല പ്രോജക്റ്റ് കോ-ഓർഡിനേറ്റർ വിനീത് വി. , ജില്ലാ ആശാ കോർഡിനേറ്റർ സുജിത്ത്, ബ്ലോക്ക്/ഹോസ്പിറ്റൽ പി ആർ ഒമാർ എന്നിവർ ക്യാംപയിൻ ആസൂത്രണത്തിലും നടത്തിപ്പിലും പങ്കാളികളായി.

**വിനീത് വി**
ജില്ല പ്രോജക്റ്റ് കോഓർഡിനേറ്റർ,
ആലപ്പുഴ

# സേവന ഗുണനിലവാരമുയർത്താൻ പരിശീലനം




സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി'യിലെ എംപാനൽഡ് ആശുപത്രികൾക്ക് സേവന ഗുണനിലവാരമുയർത്തുന്നതുസംബന്ധിച്ച ഏകദിന പരിശീലനം തൃശ്ശൂരിൽ ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എൻ.കെ.കുട്ടപ്പൻ ഉദ്ഘാടനം ചെയ്തു

ആശുപത്രികളിൽ രോഗികൾക്ക് സേവന ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഗോൾഡ്, സിൽവർ, ബ്രോൺസ് ക്വാളിറ്റി സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ ആശുപത്രികളെ പ്രാപ്തമാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള 'ക്വാളിറ്റി സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ്' ആസ്പദമാക്കിയായിരുന്നു പരിശീലനം. ആരോഗ്യ കേരളം ജില്ല പ്രോഗ്രാം മാനേജർ ഡോ.രാഹുൽ യു. ആർ അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജില്ല പ്രോജക്റ്റ് കോ-ഓർഡിനേറ്റർ റെനി കുരിയാക്കോസ് പരിശീലനാർത്ഥികളെ സ്വാഗതം ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സ്റ്റേറ്റ് മാനേജർമാരായ ലത്തീഫ് സി, അനികൃഷ്ണ കെ, ഡോ.വിമൽ വി. വി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പ്രധാന സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജ്, സ്വകാര്യ എംപാനൽഡ് ആശുപത്രികളിൽ നിന്നായി എഴുപതോളം പേർ പരിശീലനത്തിൽ പങ്കെടുത്തു.

Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph) #9961213370
(For Private Circulation only)